9336
22/4/17

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - **എറണാകുളം ജില്ല** - ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്**

**സ.ഉ.(സാധാ) നം:1709/17/റവ.** **തിരുവനന്തപുരം, തീയതി, 11/04/2017**

==================================================================

**പരാമർശം:** എറണാകുളം ജില്ലാ കളക്ടറുടെ 13.04.2016-ലെ സി1-78331/2015 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ നിന്നും മലപ്പുറം ജില്ലയിൽ സ്കൂള് ഹാൻഡ് ബോൾ മീറ്റിനുപോയ വിദ്യാർത്ഥികൾ സഞ്ചരിച്ചിരുന്ന വാഹനം മത്സരം കഴിഞ്ഞു മടങ്ങവെ 23.11.2015-ൽ രാത്രി 11.30 മണിക്ക് പൊന്നാനി ചങ്കരംകുളം ഭാഗത്തുവച്ച് അപകടത്തിൽ പ്പെടുകയും 3 വിദ്യാർത്ഥികളും ഡ്രൈവറും മരണമടയുകയും മറ്റു വിദ്യാർത്ഥികൾക്ക് ഗുരുതരമായി പരിക്കേൽക്കുകയുമുണ്ടായി. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന 1. മുഹമ്മദ് ഷമീർ, S/oസുബൈർ, വാച്ചാക്കൽ വീട്, എടവനക്കാടി, കൊച്ചി, 2. ബിജോയ് ജോർജ്ജ്, S/oജോയ്, നെടുമ്പറമ്പിൽ, മുണ്ടുരുത്തി, ചേന്ദമംഗലം എന്നീ കുട്ടികൾക്ക് അടിയന്തിര ധനസഹായമായി യഥാക്രമം 25,000/-, 50,000/- രൂപ എറണാകുളം ജില്ലാ കളക്ടർ അനുവദിച്ചിരുന്നു. ഇപ്രകാരം 75,000/- രൂപ അനുവദിച്ച നടപടി സാധൂകരിക്കണമെന്ന് പരാമർശ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലിയിൽ നിന്നും മലപ്പുറം ജില്ലയിൽ സ്കൂള് ഹാൻഡ് ബോൾ മീറ്റിനുപോയ വിദ്യാർത്ഥികൾ സഞ്ചരിച്ചിരുന്ന വാഹനം മത്സരം കഴിഞ്ഞു മടങ്ങവെ അപകടത്തിൽ പ്പെട്ട് പരിക്കേറ്റ വിദ്യാർത്ഥികൾക്ക് അടിയന്തിര ചികിത്സാ ധനസഹായമായി എറണാകുളം ജില്ലാ കളക്ടർ 75,000/- രൂപ അനുവദിച്ച നടപടിക്രമം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. **75,000/- രൂപ (എഴുപത്തയ്യായിരം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **എറണാകുളം ജില്ലാ കളക്ടർക്ക്** അനുവദിക്കേണ്ടതാണ്.

3. അപകടത്തിൽ പ്പെട്ടവർക്ക് സൗജന്യ ചികിത്സ നൽകിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ. ടി.കെ.**

**ഡെപ്യൂട്ടി സെക്രട്ടറി**

**ജില്ലാ കളക്ടർ, എറണാകുളം**

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**